# ഒരുമിച്ചും കൂടെ കളിച്ചും മലർവാടി ബാലോത്സവം



*ജിദ്ദ സൗത്ത് സോൺ മലർവാടി ബാലോത്സവം-2013 പ്രഫ. റെയ്നോൾഡ് ഉദ്ഘാടനം ചെയ്യുന്നു.*

**ജിദ്ദ:** "ഒരുമിക്കാം ഒത്തുകളിക്കാം" എന്ന ബാനറിൽ മലർവാടി ജിദ്ദ സൗത്ത് സോൺ സംഘടിപ്പിച്ച ബാലോത്സവത്തെ കുട്ടികളുടെ വൻപങ്കാളിത്തം വേറിട്ട അനുഭവമാക്കി. അക്കാദമിക വിഷയങ്ങളിലും ഐ.ടി ഉപകരണങ്ങളിലും തളച്ചിടപ്പെടുന്ന പ്രവാസി കുട്ടികളുടെ കലാകായിക സർഗാത്മക കഴിവുകൾ കണ്ടെത്തുകയും തിരിച്ചറിയുകയും പരിപോഷിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെയാണ് ബാലോത്സവം സംഘടിപ്പിച്ചത്. കിഡ്സ്, സബ്ജൂനിയർ, ജൂനിയർ, സീനിയർ എന്നിങ്ങനെ നാലു ഗ്രൂപ്പുകളിലായി നാനൂറോളം കുട്ടികൾ പങ്കെടുത്ത ബാലോത്സവം സുലൈമാനിയയിൽ അന്നഖീൽ ഇസ്തിറാഹയിൽ പ്രത്യേകം തയാറാക്കിയ നഗരിയിലാണ് നടന്നത്. ബാലോത്സവ റിസപ്ഷൻ കമ്മറ്റി ചെയർമാൻ പ്രഫ. റെയ്നോൾഡ് ഉദ്ഘാടനം ചെയ്തു. നജ്മുദ്ദീൻ, സി.എച്ച് റാഷിദ് എന്നിവർ നിർദേശങ്ങൾ നൽകി. മലർവാടി കോർഡിനേറ്റർ അബ്ദുൽ അസീസ് സ്വാഗതം പറഞ്ഞു. റിഷാൽ ഗഫൂർ ഖിറാഅത്ത് നടത്തി.

പ്രവാസി കുട്ടികൾക്കിടയിൽ സാധാരണ നടക്കാറുള്ള വിവിധ ഇനം മത്സരങ്ങളോടൊപ്പം ഉന്നം നോക്കാം, കണ്ണാടി നോക്കി നടക്കാം, സൂചിക്ക് നൂൽ കോർക്കാം, ഗോലിക്കളി, പാലം കടക്കാം, പിരമിഡ് നിർമാണം, നെറ്റിപ്പന്ത്, ഷൂട്ട് ഔട്ട്, തൂണിൽ കയറാം, നുഴഞ്ഞു കയറാം, ബൗളിംഗ്, ടെന്നീസ്, ഹോക്കി, റിംഗ് ത്രോ തുടങ്ങി 50 ഇനങ്ങൾ ഉൾപ്പെടുന്ന മത്സര കൗണ്ടറുകളാണ് ഒരുക്കിയിരുന്നത്. മത്സരങ്ങൾക്കനുവദിച്ച മൂന്ന് മണിക്കൂർ സമയപരിധിയിൽ പരമാവധി കൗണ്ടറുകളിൽ മത്സരിക്കുകയും പരമാവധി സ്കോർ നേടിയെടുക്കുകയും ചെയ്യുകയെന്നതായിരുന്നു മത്സര രീതി. മത്സരത്തിൽ പങ്കെടുത്ത മുഴുവൻ പേർക്കും പ്രോത്സാഹന സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

സമാപന പരിപാടിയിൽ അൽ വുറൂദ് ഇന്റർനാഷണൽ ഇന്ത്യൻ സ്കൂൾ പ്രിൻസിപ്പൽ ശ്രീദേവി മേനോൻ മുഖ്യാതിഥിയായിരുന്നു. കുട്ടികളുടെ വിവിധ രംഗങ്ങളിലുള്ള കഴിവുകൾ കണ്ടെത്തി അവർക്ക് പ്രോൽസാഹനം നൽകുന്ന മലർവാടി ബാലസംഘത്തിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനീയമാണെന്ന് അവർ പറഞ്ഞു. മലർവാടി രക്ഷാധികാരി മൂസ്സക്കുട്ടി വെട്ടിക്കാട്ടിരി അധ്യക്ഷത വഹിച്ചു. മലർവാടി അഖില സുഊദി ഉപരക്ഷാധികാരി സി.കെ മുഹമ്മദ് നജീബ് ബാലോത്സവ സന്ദേശം നൽകി. നസീം അഹമദ് (മലബാർ ഗോൾഡ്), റഫീഖ് (എംപയർ ഗ്രൂപ്പ്), സുബൈർ (ടോയ ന്യൂഡിൽസ്) എന്നിവർ വിജയികൾക്കുള്ള സമ്മാനദാനം നിർവഹിച്ചു. പ്രഫ. റെയ്നോൾഡ്, മിർസ ശരീഫ് എന്നിവർ ആശംസകൾ അർപ്പിച്ചു. മോഹൻ ബാലൻ, ഉസ്മാൻ ഇരുമ്പുഴി, ഇർഷാദ്, സൈനുദ്ദീൻ, അമൽ രാജ് തുടങ്ങിയവർ സംബന്ധിച്ചു. ബാലോത്സവം ജനറൽ കൺവീനർ ഇസ്മായീൽ കല്ലായി നന്ദി പറഞ്ഞു.

## കേവല വിവരങ്ങൾക്ക് മനുഷ്യ മനസ്സിനെ സ്വാധീനിക്കാൻ കഴിയില്ല: ശൈഖ് മുഹമ്മദ് കാരകുന്ന്

**ദോഹ:** വിവരങ്ങളുടെ കൈമാറ്റം മാത്രമാണ് ആധുനിക വിദ്യാഭ്യാസത്തിലൂടെ നടക്കുന്നതെന്നും കേവല വിവരങ്ങൾക്ക് മനുഷ്യ മനസ്സിനെ സ്വാധീനിക്കാൻ കഴിയില്ലെന്നും, കേവല തൊഴിലി നപ്പുറം ഒരു തലമുറയുടെ സൃഷ്ടിപ്പാണ് അധ്യാപകരുടെയും വിദ്യാഭ്യാസ പ്രവർത്തകരുടെയും ഉത്തര വാദിത്വമെന്നും എഴുത്തുകാരനും വാഗ്മിയും ജമാഅത്തെ ഇസ്ലാമി കേരള അസിസ്റ്റന്റ് അമീറുമായ ശൈഖ് മുഹമ്മദ് കാരകുന്ന് പറഞ്ഞു. വക്റ അൽ മദ്റസത്തുൽ ഇസ്ലാമിയയിൽ നടന്ന ടീച്ചേഴ്സ് മീറ്റിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ഇസ്ലാമിനോട് പ്രതിബദ്ധതയും സമൂഹത്തിൽ ഇസ്ലാമിനെ പ്രതിനിധാനം ചെയ്യാൻ യോഗ്യതയും മൗലിക മാനവിക ഗുണങ്ങളെക്കുറിച്ച് തിരിച്ചറിവുമുള്ള ഉത്തമ പൗരന്മാരായി വിദ്യാർഥികളെ വളർത്തിയെടുക്കാൻ മദ്റസാ വിദ്യാഭ്യാസം മുഖേന കഴിയണം .

അധ്യാപകർ നിരന്തരം പഠിക്കുന്നവരാകണമെന്നും സ്നേഹത്തിലൂടെ കുട്ടികളെ കീഴ്പ്പെടുത്താൻ കഴിയുന്നവരാണ് യഥാർഥ അധ്യാപകരെന്നും, ആധുനിക സാങ്കേതിക വിദ്യ ഫലപ്രദമായി ഉപയോഗപ്പെടുത്തി മദ്റസാ വിദ്യാഭ്യാസം കൂടുതൽ കാര്യക്ഷമമാക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇന്ത്യൻ ഇസ്ലാമിക് അസോസിയേഷൻ പ്രസിഡന്റ് കെ.ടി അബ്ദുറഹ്മാൻ അധ്യക്ഷത വഹിച്ചു. പ്രധാനാധ്യാപകൻ എം.ടി ആദം സ്വാഗതം പറഞ്ഞു. സ്വാലിഹ് ശിവപുരം, പി.വി നിസാർ, കെ.കെ അബ്ദുറഹീം, ജസീർ, നൗഫൽ, സക്കരിയ സംസാരിച്ചു. പി.പി അബ്ദുറഹ്മാൻ ഖിറാഅത്ത് നടത്തി.

# പൊതുസമൂഹത്തിൽ ഇസ്‌ലാമിൻെറ പ്രതിനിധാനം നിർവഹിക്കാൻ മുസ്‌ലിം സമുദായത്തിന് സാധിക്കണം



*ഇന്ത്യൻ ഇസ്‌ലാമിക് അസോസിയേഷൻ സംഘടിപ്പിച്ച പരിപാടിയിൽ ജമാഅത്തെ ഇസ്‌ലാമി കേരള അസിസ്റ്റന്റ് അമീർ ശൈഖ് മുഹമ്മദ് കാരകുന്ന് സംസാരിക്കുന്നു.*

**ദോഹ:** ഇസ്‌ലാം ഏറെ ചർച്ച ചെയ്യപ്പെടുന്ന കേരളീയ പൊതുസമൂഹത്തിൽ ഇസ്‌ലാമിന്റെ പ്രതിനിധാനം നിർവഹിക്കാൻ മുസ്‌ലിം സമുദായത്തിന് സാധിക്കണമെന്ന് പ്രമുഖ പണ്ഡിതനും ജമാഅത്തെ ഇസ്‌ലാമി കേരള അസിസ്റ്റന്റ് അമീറുമായ ശൈഖ് മുഹമ്മദ് കാരകുന്ന് അഭിപ്രായപ്പെട്ടു. ഇന്ത്യൻ ഇസ്‌ലാമിക് അസോസിയേഷൻ അലി ബിൻ അലി പള്ളിയിൽ സംഘടിപ്പിച്ച പരിപാടിയിൽ 'കേരളത്തിലെ ഇസ്‌ലാമിക സമൂഹം: വെല്ലുവിളികളും സാധ്യതകളും' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങൾക്ക് സ്വാധീനമുള്ള കേരളീയ സമൂഹത്തിൽ ഇസ്‌ലാമിക സാമ്പത്തിക സംവിധാനത്തെ കുറിച്ചാണ് ചർച്ച നടക്കുന്നത്. പ്രകൃതിക്കും പരിസ്ഥിതിക്കും വേണ്ടിയുള്ള ഇടപെടലുകളിൽ ഇസ്‌ലാമിക സമൂഹത്തിന്റെ സ്വാധീനം ശക്തമാണെന്നും ജനസേവന പ്രവർത്തനങ്ങളിലൂടെ ഇസ്‌ലാമിൻെറ കാരുണ്യം ഇന്ന് പൊതു സമൂഹം അനുഭവിച്ചറിയുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഒരു കാലത്ത് കമ്മ്യൂണിസവും യുക്തിവാദവുമായിരുന്നു കേരളീയ മുസ്‌ലിം സമൂഹം നേരിട്ടിരുന്ന വെല്ലുവിളിയെങ്കിൽ, ഇന്ന് മുതലാളിത്ത കമ്പോള സംസ്കാരത്തിൻെറ കടന്നുകയററവും സാമുദായിക ധ്രുവീകരണവുമാണ് വെല്ലുവിളികൾ. മനുഷ്യൻെറ ആത്മീയദാഹത്തെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കീഴ്പ്പെടുത്തുകയാണ്. ഇത്തരം വെല്ലുവിളികളെ രചനാത്മകമായി നേരിടുന്നതിനുപകരം സമുദായ സംഘടനകൾ അനാരോഗ്യകരമായ മത്സരങ്ങളിൽ ഏർപ്പെടുന്നത് ദുഃഖകരമാണ്.

വിവിധ മുസ്‌ലിം സംഘടനകൾ ഏറെ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിലും അതിൻെറ ഗുണപരമായ പ്രതിഫലനം സമുദായത്തിലും സമൂഹത്തിലും കാണുന്നില്ല. സോഷ്യൽ മീഡിയയെ പോലും ഇന്ന് മതസംഘടനകൾ തെററായ രീതിയിലാണ് ഉപയോഗപ്പെടുത്തുന്നതെന്നും സമൂഹത്തിനും സമുദായത്തിനും ഗുണഫലങ്ങൾ ഉണ്ടാകുന്ന രീതിയിൽ അവയെ പ്രയോജനപ്പെടുത്തണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പരിപാടിയിൽ എസ്.എ സൈഫുദ്ദീൻ സ്വാഗതം പറഞ്ഞു.

## 'കുടുംബം സ്വർഗമാണ്' യൂത്ത് ഫോറം റയ്യാൻ മേഖല കാമ്പയിൻ

**ദോഹ:** യൂത്ത് ഫോറം റയ്യാൻ മേഖല 'കുടുംബം സ്വർഗമാണ്' കാമ്പയിൻ സംഘടിപ്പിച്ചു. കാമ്പയിനിന്റെ ഔപചാരിക ഉദ്ഘാടനം മദീന ഖലീഫയിലെ ഐ.എഫ്.സി ഹാളിൽ നടന്ന പ്രവർത്തക സംഗമത്തിൽ യൂത്ത് ഫോറം ഖത്തർ വൈസ് പ്രസിഡന്റ് എസ്.എ ഫിറോസ് നിർവഹിച്ചു. മേഖലാ പ്രസിഡന്റ് അധ്യക്ഷത വഹിച്ച ചടങ്ങിൽ യൂസുഫ് പുലാപ്പറ്റ, കാമ്പയിൻ കൺവീനർ ഷാനവാസ് ഖാലിദ് എന്നിവർ സംസാരിച്ചു. മേഖലാ വൈസ് പ്രസിഡന്റ് ഷറഫുദ്ദീൻ മുണ്ടേരി സമാപന പ്രസംഗം നടത്തി. ഗറാഫ യൂനിറ്റിന്റെ നേതൃത്വത്തിൽ നടന്ന കുടുംബസംഗമത്തിൽ സമീർ കാളികാവ് 'കുടുംബം സ്വർഗമാകുന്ന വഴികൾ' എന്ന വിഷയത്തിൽ ക്ലാസെടുത്തു. അഷ്റഫ് ഉളിയിൽ ക്വിസ് പ്രോഗ്രാം നടത്തി. ശറഫുദ്ദീൻ, യൂസുഫ് പുലാപറ്റ എന്നിവർ സംസാരിച്ചു. കാമ്പയിനോടനുബന്ധിച്ച് മദീന ഖലീഫയിൽ നടത്തിയ വനിതാ സംഗമത്തിൽ സ്ത്രീ ശാക്തീകരണം, സാമൂഹിക സുരക്ഷ തുടങ്ങി വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു. കാമ്പയിന്റെ ഭാഗമായി നടത്തിയ വിദ്യാർഥികളുടെ ഒത്തുചേരൽ സ്റ്റുഡന്റ്സ് ഇന്ത്യ ഖത്തർ കോ ഓഡിനേറ്റർ അബ്ദുല്ല ഉദ്ഘാടനം ചെയ്തു. സത്യത്തിനും നീതിക്കും നിലകൊള്ളേണ്ടവരാണ് വിദ്യാർഥികളെന്നും അവരാണ് സാമൂഹിക വിപ്ലവത്തിന്റെ ചാലകശക്തികളെന്നും അദ്ദേഹം പറഞ്ഞു. മാഹിർ, ഷമീൽ, സുബ്ബുൽ നേതൃത്വം നൽകി.

മദീന ഖലീഫ യൂനിറ്റ് സംഘടിപ്പിച്ച ഹ്രസ്വ ചിത്ര പ്രദർശനത്തിൽ തെരഞ്ഞെടുത്ത മൂന്ന് ചലച്ചിത്രങ്ങൾ പ്രദർശിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ കുടുംബ ബന്ധങ്ങളുടെ ശൈഥില്യം, കുട്ടികളുടെ ധാർമിക അധഃപതനം, സമൂഹത്തോടുള്ള കുട്ടികളുടെ സമീപനം തുടങ്ങിയ വിഷയങ്ങൾ വിശകലനം ചെയ്തു. അബുൽ കലാം, സുബുൽ അബ്ദുൽ അസീസ്, അബ്ദുൽ ഗഫ്ഫാർ, സാലിഖ്, ഷമീൽ ഉളിയിൽ സംസാരിച്ചു.

യൂത്ത് ഫോറം ഹാളിൽ യർമൂക്ക് യൂനിറ്റ് സംഘടിപ്പിച്ച ഫയർ ആന്റ് സേഫ്റ്റി ബോധവത്കരണ പരിപാടിയിൽ യു.പി.ഡി.എ ആന്റ് ഫയർ ഡിപ്പാർട്ട്മെന്റ് സീനിയർ ഉദ്യോഗസ്ഥനായ ദന്തപാണി ക്ലാസെടുത്തു. ഷാനവാസ് ഖാലിദ് അധ്യക്ഷത വഹിച്ചു.

